

നജീബ് മൗലവി

# മൗലിദിന്റെ വിധി

മൗലിദ്കർമ്മം, മീലൂദ്കഴിക്കൽ, നേർച്ച കഴിക്കൽ ഇതെല്ലാം നാടൻ പ്രയോഗങ്ങളാണ്. തിരുനബി(സ)യുടെയോ മറ്റു മഹാത്മാക്കളുടെയോ പേരിൽ ഗദ്യമായും പദ്യമായും ഗദ്യപദ്യസമ്മിശ്രമായും അറബിഭാഷയിൽ രചിക്കപ്പെട്ട കീർത്തനങ്ങൾ പാരായണം ചെയ്യുക, അതിന്റെ മുമ്പും പിമ്പുമായി ഫാതിഹ: ഓതി ദുആയിരക്കുക, കഴിഞ്ഞു പിരിയുമ്പോൾ വല്ല ഭക്ഷണവും കഴിക്കുക അഥവാ വിതരണം ചെയ്യുക. എന്നീ കർമ്മങ്ങൾ ഒത്തു ചേർന്ന രൂപത്തിനാണ് ബഹുജനങ്ങൾ മേൽപ്രകാരം നാമകരണം നടത്തിയത്. ഭാഷാകസർത്തുകളുമായി ഈ നാടൻ നാമകരണത്തെ പ്രതിക്കൂട്ടിലാക്കാൻ ചിലർ തുനിയാറുണ്ട്. അതിലർ തഥമില്ല. ചക്ക, മാങ്ങ, പേരക്ക, കറുമൂസ പോലുള്ള നാമങ്ങൾ അതതു നാമങ്ങളിൽ അറിയപ്പെടുന്ന ഫലങ്ങൾക്ക് ബഹുജനങ്ങൾ പേരിട്ടുവിളിക്കുമ്പോൾ അതിൽ ഭാഷാപരമായ ന്യൂനത കണ്ടെത്താൻ ശ്രമിക്കുന്നത് വ്യർത്ഥമാണല്ലോ. പേരെന്തോ ആവട്ടെ, മേൽവിവരിച്ച മൗലിദ് മനുഷ്യർ നടത്തുന്ന ഒരു കർമ്മമാണ്. മറ്റേതു കർമ്മങ്ങളെയുംപോലെ ആ കർമ്മത്തിനും ശർഇൽ അംഗീകൃതമായ അഞ്ചാലൊരു വിധി അനിവാര്യമാണ്. വാജിബ്, മുബാഹ്, കറാഹത്ത്, ഹറാം, സുന്നത്ത് ഇവയാണ് അഞ്ചു വിധികൾ. ഇവയിലേതു വിധിയാണ് മൗലിദ് കർമ്മത്തിനുള്ളത്? ഇതാണു നാം ഗ്രഹിക്കേണ്ടത്.

ഇസ്‌ലാമിൽ ഈ അഞ്ചാലൊരു വിധിയില്ലാത്ത ഒരു മനുഷ്യകർമ്മവുമില്ല. കാരണം ഇസ്‌ലാം സമ്പൂർണ്ണമാണ്. മനുഷ്യജീവിതത്തിന്റെ നിഖിലമേഖലകൾക്കും വ്യാപകമായ നിയമസംഹിതയാണ്. മനുഷ്യന്റെ പ്രവൃത്തി, മൊഴി, വിശ്വാസം ഇവയിലേതു പരിശോധിച്ചാലും അതു സംബന്ധിച്ച് ഇസ്‌ലാമിന് അതിന്റേതായ കാഴ്ചപ്പാടുണ്ട്; നിയമമുണ്ട്. അതാണ് 'ഏതൊരു സംഭവത്തിനും ഇസ്‌ലാമിൽ ഒരു വിധിയില്ലാതെയില്ല' എന്ന് ഇമാമുകൾ പ്രസ്താവിച്ചത്.(ജംഉൽ ജവാമിഅ് നോക്കുക). അതിനാൽ ബഹുജനങ്ങൾ 'മൗലൂദ്കഴിക്കൽ' എന്നോ മറ്റോ പേർ വിളിച്ചുവരുന്ന കർമ്മത്തിനും പഞ്ചവിധികളിൽ ഒരു വിധി ശരീഅത്തിലുണ്ടാവണം. ആ കർമ്മം ഇതേ രൂപത്തിൽ നബിയുടെ കാലത്ത് നടപ്പുണ്ടെങ്കിലും ഇല്ലെങ്കിലും, സ്വഹാബികളോ താബിഉകളോ ശേഷം വന്നവരോ അത് നടത്തിയാലും ഇല്ലെങ്കിലും അതേപ്പറ്റി ഇസ്‌ലാമിനു വിധിവേണം. ആ വിധി എന്ത്? ഹറാം ആണോ? അതല്ല കറാഹത്തോ? വാജിബ് എന്നോ, അതോ സുന്നത്തോ? അതുമല്ല മുബാഹോ? ഇതിലേതെങ്കിലുമൊരു വിധിയില്ലാത്ത കർമ്മമില്ല. വിധി ഏതെന്നാണു വ്യക്തമാക്കേണ്ടത്. അല്ലാതെ നബിയും സ്വഹാബത്തും അങ്ങനെ ഒരു കർമ്മം നടത്തിയിരുന്നില്ല; അതുകൊണ്ട് അത് അനാചാരമാണ് ബിദ്അത്താണ് എന്ന് മൗലിദ് വിരോധികൾ അങ്ങ് വാദിക്കുക പകരം അത് അനാചാരമല്ലെന്നു സ്ഥാപിക്കുവാൻ ആ കർമ്മം നബിയും സ്വഹാബത്തുമെല്ലാം നടത്തിയതാണെന്നു നാം സുന്നികൾ 'തെളിയിക്കുക;' ഇതിലെന്തർത്ഥം? ഒരു കർമ്മം അനുവദനീയമാണെന്നോ പുണ്യമുള്ളതാണെന്നോ പറയണമെങ്കിൽ അത് നബി(സ)യും സ്വഹാബത്തും പ്രവർത്തിച്ചുവെന്നു തെളിയണമെന്നോ? കഷ്ടം! നബി(സ)യുടെയും സ്വഹാബാക്കളുടെയും കാലത്ത് നടപ്പില്ലാത്ത കർമ്മങ്ങളെല്ലാം പുണ്യമറ്റതും അനാചാരവുമാണെന്നോ?! ഇതെന്തു മൗഢ്യം! ഒരു കർമ്മത്തിന്റെ അനുവദനീയതയ്ക്ക് നിദാനം ആ കർമ്മം നബി(സ)യുടെ കാലത്തു നടപ്പുണ്ടായിരുന്നുവെന്നതും നിഷിദ്ധതക്കു തെളിവ് അക്കാലത്ത് നടന്നില്ല എന്നുമാണ് ഇസ്‌ലാമിലെ സ്ഥിതിയെങ്കിൽ, ഇസ്‌ലാമിന്റെ സമ്പൂർണ്ണതക്കും സാർവ്വകാലികതക്കും അതു ഭീഷണിയാവില്ലേ? ഒരു കാര്യം നബിയും സ്വഹാബത്തും പ്രവർത്തിച്ചില്ല; അത് കൊണ്ട് അത് അനാചാരമാണ് എന്ന് ഓരിയിടുവാൻ ഒരുവിഭാഗവും, പകരം അക്കാര്യം അനാചാരമല്ലെന്നു സ്ഥാപിക്കുവാൻ അത് നബി(സ)യും സ്വഹാബാക്കളും പ്രവർത്തിച്ചതാണെന്നു തെളിവു നിരത്താൻ മറുവിഭാഗവും തുനിഞ്ഞാൽ ഇരുവിഭാഗവും കുഴഞ്ഞുപോകില്ലേ? എല്ലാ കർമ്മങ്ങളെക്കുറിച്ചും ഈ നയമനുവർത്തിക്കാനാകുമോ? ഒരിക്കലുമാവില്ല.

നോക്കുക. ഇസ്‌ലാമിൽ നിയമപ്രകാരം സുന്നത്തായ ഒരു കർമ്മമാണ് നികാഹ്(വിവാഹം). ഈ കർമ്മം മുസ്‌ലിംകളേവരും ഇന്നു നടത്തുന്ന രീതിയെങ്ങനെ? നികാഹിനായി കാലേക്കൂട്ടി ഒരു ദിവസം നിശ്ചയിച്ചുറക്കുന്നു. വേണ്ടപ്പെട്ടവരെല്ലാം അതിനൊത്തുചേരുന്നു. നിശ്ചിത ദിവസത്തിനു കല്ല്യാണമെന്നുപേർ നല്കി സാഘോഷം കൊണ്ടാടുന്നു. ക്ഷണപ്പത്രം കാലേക്കൂട്ടി അച്ചടിപ്പിച്ച് വേണ്ടപ്പെട്ടവരെയെല്ലാം നേരിൽ കണ്ടും മറ്റും ക്ഷണിക്കുന്നു. കല്ല്യാണസുദിനത്തിനുവേണ്ടി ഒരു വലിയ പന്തൽ തയ്യാറാക്കുന്നു. തോരണങ്ങൾ ചാർത്തി പന്തൽ മോടിയിലാക്കുന്നു. ക്ഷണിതാക്കൾ വരുന്നു, ശാപ്പിടുന്നു, കുശലം പറയുന്നു, പിരിയുന്നു. പുതുമാരൻ സുഹൃത്തുക്കളാൽ വലയിതനായി മണവാട്ടിയുടെ വീട്ടിലേക്കാനയിക്കപ്പെടുന്നു. പുതുനാരി മറിച്ചും. അതിനിടക്കെപ്പോഴോ നികാഹ് എന്ന ചടങ്ങ് നടക്കുന്നു. അതിനു ഖാസി അഥവാ ഒരു മതപണ്ഡിതൻ കാർമ്മികത്വം വഹിക്കുന്നു. ഇങ്ങനെ ഒരു വിവാഹാഘോഷം തിരുനബി(സ)യുടെ കാലത്തുണ്ടായിരുന്നുവോ? സ്വഹാബികളിലാരെങ്കിലും ഇങ്ങനെ ആഘോഷിച്ചുവോ? അവരുടെയാരുടെയെങ്കിലും നികാഹിനു കാർമ്മികനായി നബി(സ) പദം ചൊല്ലിക്കൊടുത്തുവോ? പ്രസംഗിച്ചുവോ? നബിയുടെയും സ്വഹാബത്തിന്റെയും കാലത്തില്ലെന്ന പേരു പറഞ്ഞ് ഇന്നത്തെ മൗലിദാഘോഷത്തെ അനാചാരവും നിഷിദ്ധവുമായി മുദ്രയടിക്കുന്നവർ നമ്മുടെ വിവാഹാഘോഷവും നിഷിദ്ധമാക്കുമോ? അനാചാരമാക്കുമോ? അവരങ്ങനെ ജല്പിക്കുന്നതിനു ബദലായി ഈ രൂപത്തിലുള്ള വിവാഹാഘോഷം നബി(സ)യും സ്വഹാബത്തും നടത്തിയിരുന്നത് തന്നെയാണെന്ന് തെളിവു നിരത്തി പ്രസംഗിക്കുവാൻ നമ്മുടെ കൂട്ടർ മുതിരുമോ? ഗ്രന്ഥമെഴുതുമോ?

ഇസ്‌ലാമിൽ അഞ്ചാലൊരു വിധിയില്ലാത്ത ഒരു മനുഷ്യകർമ്മവുമില്ല. കാരണം ഇസ്‌ലാം സമ്പൂർണ്ണമാണ്. മനുഷ്യജീവിതത്തിന്റെ നിഖിലമേഖലകൾക്കും വ്യാപകമായ ഒരു നിയമസംഹിതയാണത്. മനുഷ്യന്റെ പ്രവൃത്തി, മൊഴി, വിശ്വാസം ഇവയിലേതു പരിശോധിച്ചാലും അതു സംബന്ധിച്ച് ഇസ്‌ലാമിന് അതിന്റേതായ കാഴ്ചപ്പാടുണ്ട്; നിയമമുണ്ട്.

അതുപ്രകാരം ശർഇൽ നിർബന്ധമായ ഒരു കാര്യമാണ് വിദ്യയഭ്യസിക്കലും അഭ്യസിപ്പിക്കലും. ഈ നിർബന്ധകടമ നിറവേറ്റുവാൻ കാലോചിതമായി നാമിന്നു പാഠശാലകൾ പടുത്തുയർത്തുന്നു. നഴ്സറികൾ, മദ്രസകൾ, കോളേജുകൾ എന്നിവ. അവിടെ സിലബസ്സു സിസ്റ്റത്തിൽ അധ്യാപനം ക്രമീകരിക്കപ്പെടുന്നു. അധ്യാപകരെ ശമ്പളം കൊടു ത്തു നിയമിക്കുന്നു. വിദ്യാർത്ഥികൾ മുറകൾ പാലിച്ചു കൊണ്ട് അഡ്മിഷൻ നേടുന്നു. ക്ലാസിൽ കൃത്യസമയത്ത് ഹാജറാകുന്നു. ഹാജർ വിളിക്കപ്പെടുന്നു, നിശ്ചിത കാലത്ത് പരീക്ഷ നടക്കുന്നു........ ഇങ്ങനെ- ഈ രൂപത്തിൽ വിദ്യാഭ്യാസം നടത്തുന്ന വഴക്കം നബി(സ)യുടെ കാലത്തുണ്ടോ? സ്വഹാബികൾ നടത്തിയോ? താബിഈങ്ങളോ? ഈ സമ്പ്രദായം ആരംഭിച്ചിട്ട് എത്ര നൂറ്റാണ്ടു കഴിഞ്ഞു? ഈ കാരണം പറഞ്ഞ് ഇന്നത്തെ വിദ്യാഭ്യാസ രീതിയും ബിദ്അത്തും അനാചാരവുമാണെന്ന് മൗലിദു വിരോധികൾ വാദിക്കുമോ? വാദിച്ചാൽ അതു സുന്നത്താണെന്നു സ്ഥാപിക്കുവാൻ അവയെല്ലാം നബി(സ)യും സ്വഹാബാക്കളും മുഴുക്കെ പ്രവർത്തിച്ചിരുന്നതാണെന്ന് വലിച്ചു നീട്ടി എഴുതുവാൻ നമ്മുടെ കൂട്ടർ തയ്യാറാവുമോ? ലജ്ജാകരമെന്നല്ലാതെയെന്തു പറയാൻ?!

ഇങ്ങനെ ചോദിക്കുമ്പോൾ ചിലർക്കൊരു മുടന്തൻ ന്യായം പറയാനുണ്ടാകും: വിവാഹാഘോഷവും വിദ്യാഭ്യാസവും മറ്റും ഭൗതിക കാര്യങ്ങളാണ്. അവ നമ്മുടെ ഇഷ്ടംപോലെ കാലോചിതമായി നടത്താം. നബി(സ)യും സ്വഹാബത്തുമൊന്നും പ്രവർത്തിച്ചതു നോക്കേണ്ടതില്ല. മൗലിദാഘോഷവും മറ്റും അങ്ങനെയല്ല. അത് ദീനീകാര്യമാണ്. അതിൽ നബി(സ) ചെയ്യാത്തതു പാടില്ല. ബിദ്അത്താണ്; അനാചാരമാണ് എന്ന്. നാണക്കേട്! അല്ലാതെന്ത്? വാജിബായ ദീനീവിദ്യാഭ്യാസകാര്യവും സുന്നത്തായ നികാഹ്കർമ്മവുമെല്ലാം ഭൗതികകാര്യവും പുതിയപുതിയ രൂപങ്ങൾ കണ്ടുപിടിച്ചു നടപ്പാക്കാവുന്നതുമാണെങ്കിൽ, പ്രതിഫലാർഹവും പുണ്യകർമ്മവുമായ മൗലിദാഘോഷവും ഭൗതികകാര്യമണെന്നങ്ങു പറഞ്ഞാൽ പോരെയോ? എന്നാൽ വിവാഹാഘോഷത്തിന്റെ സ്ഥാനം നല്കിയെങ്കിലും ഈ ആഘോഷവും സമ്മതിക്കാമല്ലോ. എന്തിനീ വിവാദമുണ്ടാക്കണം? അല്ലെങ്കിൽ ഒരു കർമ്മത്തിന്റെ മതവിധി നിർണ്ണയിക്കുംമുമ്പേ ആ കർമ്മം ദീനിയ്യ്, ദുൻയവിയ്യ് എന്നു പറഞ്ഞു വിവേചിക്കുന്നതുതന്നെ ഒരുതരം കുരുട്ടുവിദ്യയല്ലേ?

ഒരു കർമ്മം ദീനിയ്യ്(മതപരം) ദുൻയവിയ്യ്(ഭൗതികം) എന്നു നിർണ്ണയിക്കുന്നതിൽ ആ കർമ്മത്തിന്റെ ഇസ്‌ലാമിക വിധിനിർണ്ണയത്തിനും വ്യക്തമായ സ്വാധീനമുണ്ട്. വിദ്യാഭ്യാസം അനിവാര്യമാർഗ്ഗത്തിലൂടെ നടത്തുക വാജിബ്(നിർബന്ധം) ആണെന്നു സ്ഥിരപ്പെട്ടാൽ അത് ദീനിയ്യല്ല; ഭൗതികമാണ് എന്നു പറയാനൊക്കുമോ? ഒരിക്കലുമില്ല. ചുരുക്കത്തിൽ നബി(സ)യുടെയും സ്വഹാബികളുടെയും കാലത്ത് നടപ്പില്ലെങ്കിലും ഒരു കർമ്മത്തിന്റെ മതവിധി വാജിബോ സുന്നത്തോ ആണെന്നു വ്യക്തമായാൽ ആ കർമ്മം ദീനിയ്യ് തന്നെ. വേണ്ടാ, മുബാഹ്(കേവലം അനുവദീയമായത്) ആയ കാര്യങ്ങൾപോലും സദുദ്ദേശപൂർവ്വം പ്രവർത്തിച്ചാൽ പ്രതിഫലാർഹമാണല്ലോ. അതും ത്വാഅത്തും ദീനീകാര്യവും ആകുമെന്നർത്ഥം. അതിനാൽ മതപരം, ഭൗതികം എന്നു തരംതിരിക്കുമ്പോൾ, തങ്ങൾ കൂടി പ്രവർത്തിക്കുന്ന ബിദ്അത്തുകളെല്ലാം ഭൗതികവും

അപരർ മാത്രം പ്രവർത്തിക്കുന്ന ബിദ്അത്തുകൾ മതപരവുമാക്കി തടി സലാമത്താക്കുവാനൊന്നും ആരും ശ്രമിക്കേണ്ടതില്ല. നബി(സ)യുടെ കാലത്തില്ലാത്തത് എന്ന അർത്ഥത്തിലുള്ള ബിദ്അത്തുകള ടങ്കലും അനാചാരവും നിഷിദ്ധവുമാണെന്നും വിധി കല്പിച്ചുകൂടാ. മറിച്ചു നബി(സ)യുടെ കാലത്തു നടപ്പില്ലെങ്കിലും ഒരു കർമ്മത്തിന് പഞ്ചവിധികളിൽ ഒരു വിധി ശർഇൽ ഉണ്ടായിരിക്കും; തീർച്ച. ഇതുകൊണ്ടാണ് വിധിനിർണ്ണയാടിസ്ഥാനത്തിൽ ബിദ്അത്ത് അഞ്ചുവിധമാണെന്നു ബഹു. ഇമാമുകൾ രേഖപ്പെടുത്തിയത്. ഒരു ഉദ്ധരണി കാണുക: "പുതിയ ആചാരങ്ങൾ വാജിബ്, ഹറാമ്, സുന്നത്ത്, കറാഹത്ത്, മുബാഹ് എന്നിങ്ങനെ വിവിധ ഇനമാണ്. ഈ ആചാരങ്ങളെ ശരീഅത്തിന്റെ പൊതുപ്രമാണങ്ങളുടെ മേൽ വെളിപ്പെടുത്തി വിലയിരുത്തുകയാണ് മേൽ പ്രകാരം വിധി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗം. വാജിബിന്റെ പ്രമാണങ്ങളിൽ വരുന്ന ബിദ്അത്ത് വാജിബായിരിക്കും. അറബിവ്യാകരണശാസ്ത്രം അഭ്യസിക്കൽ, അഭ്യസിപ്പിക്കൽ എന്നിതുകൾപോലെ. ഹറാമിന്റെ പ്രമാണങ്ങളിൽ ഉൾപ്പെടുന്ന ബിദ്അത്തുകൾ ഹറാം തന്നെ. റാഫിളത്ത്, മുജസ്സിമത്ത്, മുർജിഅത്ത്, ഖദ്‌രിയ്യത്ത് എന്നീ മുബ്തദിളുകളുടെ ആദർശങ്ങളാണിതിനുദാഹരണം. ഇനി സുന്നത്തിന്റെ പ്രമാണങ്ങളിലാണ് ബിദ്അത്ത് വന്നതെങ്കിലോ അത് സുന്നത്തായിരിക്കും. മദ്രസകൾ, സത്രങ്ങൾപോലുള്ളവ പണിയുക, ആദ്യകാലത്തു നടപ്പില്ലാത്ത സദുദ്ദേശപരമായ നൽകാര്യങ്ങൾ എന്നിതുകൾ ഉദാഹരണം. കറാഹത്തിന്റെ പ്രമാണങ്ങളിൽ വരുന്നവ കറാഹത്താണെന്നു തീരുമാനിക്കാം. പള്ളികൾ അനാവശ്യമായി മോടികൂട്ടുക, മുസ്ഹഫുകൾ അലങ്കരിക്കുകപോലുള്ളവ ഉദാഹരണം. മുബാഹിന്റെ പ്രമാണങ്ങളിൽ വരുന്ന ബിദ്അത്തുകൾ മുബാഹാണ്. സുബ്ഹുനമസ്കാരത്തിനും അസ്ർനമസ്കാരത്തിനും ഉടനെ പരസ്പരം മുസാഫഹത്ത് ചെയ്യുക, ഭക്ഷണവസ്ത്രാദികൾ മെച്ചപ്പെടുത്തുക പോലുള്ളത് ഉദാഹരണം."(ശർവാനി: 10-235)

ഇനി ഈയടിസ്ഥാനത്തിൽ മൗലിദ് കർമ്മത്തിന്റെ വിധിയെന്ത് എന്നു ചിന്തിക്കാം. ഇന്നത്തെ രീതിയിലുള്ള മൗലിദ് കഴിക്കൽ നബി(സ)യുടെ കാലത്തില്ലാത്തത് എന്ന അർത്ഥത്തിലുള്ള ബിദ്അത്താണ്. എന്നാൽ ദീനിന്റെ അടിസ്ഥാനപ്രമാണങ്ങൾക്കു വിരുദ്ധവും അനാചാരവുമെന്ന അർത്ഥത്തിലുള്ള സാങ്കേതിക ബിദ്അത്തല്ല. മഹാന്മാരുടെ മദ്ഹ് പറയുക എന്ന കർമ്മം നബി(സ)യോ സ്വഹാബത്തോ ചെയ്തിട്ടില്ലെന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല. അത് തീർച്ചയായും നബിചര്യ തന്നെയാണ്. പ്രത്യുത, മുൻഗാമികളാൽ രചിക്കപ്പെട്ട ഒരു മൗലിദ് കിതാബ് നോക്കി അതു പാരായണം ചെയ്യുക, അതിനായി സമ്മേളിക്കുക, അതുകഴിഞ്ഞ ശേഷവും അതിനിടയിലും അന്നദാനാദി കർമ്മങ്ങൾ നടത്തുക ഇതെല്ലാം ഒത്തുചേർന്നു കൊണ്ടുള്ള മൗലിദുകഴിക്കൽ തിരുമേനി(സ)യുടെകാലത്ത് പതിവില്ലാത്ത ഒരു കർമ്മം തന്നെയാണ്. ഇന്നു നാം ഏവരും ചെയ്യുന്ന മുസ്ഹഫുനോക്കി ഖുർആൻ പാരായണം ചെയ്യുക, കിതാബ് നോക്കി ഹദീസ് പഠിക്കുക, ഗ്രന്ഥങ്ങൾ നോക്കി ഇൽമു പഠിക്കുക, എന്നിവയെല്ലാം നബി(സ)യുടെ കാലത്തില്ലാത്ത ബിദ്അത്തുകളായതു പോലെത്തന്നെ. അതേസമയം ബിദ്അത്തെങ്കിലും ഇന്നത്തെ സമ്പ്രദായത്തിലുള്ള മൗലിദു കർമ്മത്തിനും ഒരു വിധിയുണ്ടാകുമല്ലോ.

ഏതു കർമ്മങ്ങളുടെയും ഇസ്‌ലാമികവിധി ഗ്രഹിക്കാവുന്നത് ഫിഖ്ഹ്(കർമ്മശാസ്ത്രം) ഗ്രന്ഥങ്ങളിൽ നിന്നാണല്ലോ. ഇന്നറിയപ്പെടുന്ന പഞ്ചവിധികളുടെ തന്നെ ഉപജ്ഞാതാക്കൾ ഫുഖഹാഅ്(കർമ്മശാസ്ത്ര പടുക്കൾ) ആണ്. അല്ലാതെ ഫിഖ്ഹ് ഗ്രന്ഥങ്ങൾ ഒഴിച്ചുനിർത്തി ഖുർആനിൽ നിന്നോ ഹദീസിൽ നിന്നോ കർമ്മങ്ങളുടെ സാങ്കേതിക ഭാഷയിലുള്ള വിധി ആർക്കും ഗ്രഹിക്കാനാവുകയില്ല. ഫിഖ്ഹ് ഗ്രന്ഥങ്ങളിൽ നിന്നാകട്ടെ, മുമ്പുണ്ടായിട്ടുള്ളതും ഇനി ഉണ്ടാവാനിരിക്കുന്നതുമായ സകലമാന കർമ്മങ്ങളുടെയും മതവിധി ഗ്രഹിക്കാനാവുകയും ചെയ്യും. ഈ നിലക്കുമാത്രമേ ഇസ്‌ലാമിന്റെ സമഗ്രതയും സമ്പൂർണ്ണതയും സർവ്വകാലികതയും സ്ഥിരീകരിക്കുവാനുമാകൂ. ഖുർആനും ഹദീസും മാത്രമേ പ്രമാണങ്ങളായുള്ളൂ. ഫിഖ്ഹ് ഗ്രന്ഥങ്ങളിലുള്ളതെല്ലാം കേവലം 'ഖോജാക്കളുടെ ഖൗലും ഖീലയുമാണ്' എന്ന് പരിഹസിക്കുന്നവർ ടെസ്റ്റ്ട്യൂബ് ശിശുവും ലിംഗമാറ്റ ശസ്ത്രക്രിയയുമെല്ലാം യാഥാർത്ഥ്യമായിരിക്കുന്ന ഇക്കാലത്തും ഈ പരിഹാസം നിർത്താത്തതിലാണത്ഭുതം. ഇത്തരം ആധുനിക പ്രശ്നങ്ങൾ സംബന്ധിച്ച് വിലയിരുത്താൻ നിർബന്ധിതരാകുമ്പോൾ 'ഖുർആനിലും ഹദീസിലും അവ സംബന്ധിച്ചൊന്നുമില്ലെന്നും പക്ഷേ, ഇമാമുകൾ ഇങ്ങനെ പറഞ്ഞിട്ടുണ്ടെ'ന്നും തുറന്നെഴുതാൻ ഈ നാണംകെട്ട ഖുർആൻ സുന്നത്തുവാദികൾക്കിപ്പോൾ മടിയില്ല. ആധുനിക പ്രശ്നങ്ങൾക്കു മുമ്പിൽ മുസ്ഹഫും ബുഖാരിയും മറിച്ചുവച്ച് ഗവേഷണം ചെയ്യാൻ ശ്രമിച്ചിട്ട് കാറ്റു പോകുമ്പോൾ ഫിഖ്ഹ് ഗ്രന്ഥങ്ങൾ തന്നെ ഇവറ്റകളും അവലംബമാക്കുന്നതു കാണുന്നു! 'ഗതികെട്ടാൽ പുലി പുല്ലും തിന്നും' എന്ന മൊഴിയാണ് ഓർമ്മവരുന്നത്. ചുരുക്കത്തിൽ ഇസ്‌ലാമിക വിധി നിർണ്ണയത്തിൽ ഫിഖ്ഹ് ഗ്രന്ഥങ്ങൾ ആർക്കും അവഗണിക്കാനാവില്ല. അവയിലൂടെ നമുക്കു മൗലിദു കർമ്മത്തിന്റെ വിധിഎന്തെന്നു നോക്കാം. ഫിഖ്ഹ് ഗ്രന്ഥങ്ങളിൽ ഇന്നു നടന്നുവരുന്ന മൗലിദ് സമ്പ്രദായത്തിന് പ്രമാണങ്ങളുടെ വെളിച്ചത്തിൽ നല്കപ്പെട്ടിരിക്കുന്ന വിധി അത് 'മൻദൂബ്'(പ്രതിഫലാർഹവും ശർഅ് പ്രേരണ നല്കുന്നതുമായ ഒരു പുണ്യകർമ്മം) എന്നത്രെ. ശർവാനി 7-422 നോക്കുക.

നബിതിരുമേനി(സ)യും സ്വഹാബത്തുമൊന്നും നിർവ്വഹിക്കാത്ത ഒരു കാര്യമെങ്ങനെ പുണ്യകർമ്മമാകും എന്നു ചില അല്പബുദ്ധികൾ സംശയിച്ചേക്കാം. ആ സംശയം അസ്ഥാനത്താണ്. എന്തുകൊണ്ടെന്നാൽ ഒരു കാര്യം ശർഇൽ സുന്നത്താണ്(പ്രതിഫലാർഹമായ പുണ്യകർമ്മം) എന്നു

ഇന്നു നടക്കുന്ന മൗലിദു കർമ്മത്തിലുള്ളതെന്താണ്? കുറെ മുസ്‌ലിംകൾ സമ്മേളിക്കും. ആരുടെ മൗലിദാണെങ്കിലുംശരി, ആദ്യം ഒരു ഫാതിഹ ഓതി നബി(സ)യുടെയും മറ്റുംപേരിൽ ഹദിയ്യ ചെയ്യും. ഇതു സുന്നത്താണെന്നു തുഹ് ഫ:6-158ൽ വ്യക്തമാക്കിയിട്ടുണ്ട്. ശേഷം നബി(സ)യുടെ സ്ഥാനമാനങ്ങൾ വിവിരിക്കുന്ന ഖുർആൻ വാക്യങ്ങൾ സമ്മേളിച്ചവരോരോരുത്തരും ഓതും. ഖുർആൻ ഓതൽ പുണ്യകർമ്മമാണെന്ന് പറയേണ്ടതില്ലല്ലോ.

പറയുവാൻ ആ കാര്യം നബി(സ) പ്രവർത്തിച്ചതായി തെളിയുകയൊന്നും വേണ്ട. നോക്കുക. പ്രത്യേകം വിലക്കപ്പെടാത്ത സമയങ്ങളിൽ സുന്നത്തു നമസ്കാരം(നഫ്ല് മുത്വ്‌ലഖ്) എത്രയും നിർവ്വഹിക്കുന്നത് പുണ്യകർമ്മമാണ്, സുന്നത്താണ്. എന്നാൽ നബി(സ) അങ്ങനെ പ്രവർത്തിച്ചു കാണിച്ചതാണെന്നോ ഇക്കാര്യം പ്രത്യേകം കല്പിച്ചിട്ടുണ്ടെന്നോ ആർക്കും തെളിയിക്കാനാവില്ല. മറിച്ച്, ശർഇന്റെ പൊതുവായ നിർദ്ദേശങ്ങളിലുൾക്കൊണ്ടിരുന്നാലും ഒരു കാര്യം സുന്നത്താണെന്ന് വിധി കല്പിക്കാവുന്നതാണ്. മറ്റൊരുദാഹരണം കാണുക. നമസ്കാരത്തിന്റെ സമയമായ ശേഷം ഒറ്റക്കു നമസ്കരിച്ച ആൾക്ക് ശേഷം ജമാഅത്തു ലഭിക്കുമ്പോൾ ആ നമസ്കാരം മടക്കി നിർവ്വഹിക്കൽ സുന്നത്തുണ്ട്. ഇതു സംബന്ധിച്ചു ഫുഖഹാഅ് പറയുന്നു.

وعدم نقل الاعادة عنه صلعم لا يستلزم عدم ندبها تحفة ١-٤٣٤

(ഇങ്ങനെ നബി(സ)തങ്ങളെത്തൊട്ട് മടക്കി നമസ്കരിച്ചതായി ഉദ്ധരിക്കപ്പെട്ടിട്ടില്ലെന്നുവച്ച് അക്കാര്യം സുന്നത്തില്ലെന്നു വരുന്നില്ല. തുഹ്ഫ:1-434) ആകയാൽ തിരുനബി(സ) പ്രവർത്തിച്ചതല്ലെങ്കിലും ഇന്നത്തെ മൗലിദുകർമ്മവും അതോടനുബന്ധിച്ച സദാചാരങ്ങളുമെല്ലാം സുന്നത്തും പ്രതിഫലാർഹവുമാണെന്നു ഫിഖ്ഹ്ഗ്രന്ഥങ്ങളിലൂടെ മനസ്സിലാക്കാൻ പ്രയാസമില്ല.

ഇന്നു നടക്കുന്ന മൗലിദു കർമ്മത്തിലുള്ളതെന്താണ്? കുറെ മുസ്‌ലിംകൾ സമ്മേളിക്കും. ആരുടെ മൗലിദാണെങ്കിലുംശരി, ആദ്യം ഒരു ഫാതിഹ ഓതി നബി(സ)യുടെയും മറ്റുംപേരിൽ ഹദിയ്യ ചെയ്യും. ഇതു സുന്നത്താണെന്നു തുഹ് ഫ:6-158ൽ വ്യക്തമാക്കിയിട്ടുണ്ട്. ശേഷം നബി(സ)യുടെ സ്ഥാനമാനങ്ങൾ വിവിരിക്കുന്ന ഖുർആൻ വാക്യങ്ങൾ സമ്മേളിച്ചവരോരോരുത്തരും ഓതും. ഖുർആൻ ഓതൽ പുണ്യകർമ്മമാണെന്ന് പറയേണ്ടതില്ലല്ലോ. അതിൽ പിന്നെ നബി(സ)യെയോ മറ്റു മഹാത്മാക്കളെയോ പ്രകീർത്തിച്ചുകൊണ്ട് വിരചിതമായ ഗദ്യങ്ങളും പദ്യങ്ങളും ചൊല്ലും. ഇങ്ങനെ മഹാത്മാക്കളെ പ്രകീർത്തിക്കൽ നൽകർമ്മവും സുന്നത്തുമാണെന്നതിൽ പുത്തൻവാദികൾക്കു പോലും സംശയമില്ല. ആ പ്രകീർത്തനം ആരോ രചിച്ച ഗ്രന്ഥത്തിൽ നോക്കിയായിപ്പോയി, അറബിഭാഷയിലായിപ്പോയി എന്നതുകൊണ്ട് പ്രകീർത്തനത്തിന്റെ പുണ്യം എങ്ങനെ നഷ്ടപ്പെടും? ഈ പ്രകീർത്തനം കഴിഞ്ഞു ചിലപ്പോൾ പ്രാരംഭത്തിൽ ചെയ്തപോലെ വീണ്ടും ഖുർആൻ ഓതി നബി(സ)ക്കും മറ്റും പ്രതിഫലം ദാനം ചെയ്തുകൊണ്ടു പ്രാർത്ഥിക്കും. അതു സുന്നത്താണെന്നു മുകളിലുദ്ധരിച്ചുവല്ലോ. ഇനിയത്തെ കർമ്മം, നബി(സ)യുടെയോ മറ്റു മഹാത്മാക്കളുടെയോ പേരിൽ അന്നദാനം പോലുള്ളവ നടത്തുകയാണ്. ഇത്തരം ധർമ്മങ്ങൾ പൊതുവിൽ സുന്നത്തും മരണപ്പെട്ടവരുടെ പേരിൽ പ്രത്യേകം സുന്നത്തും മയ്യിത്തിനു ഫലവത്തുമാണെന്നത് ഇജ്മാഉ കൊണ്ടു സ്ഥിരപ്പെട്ടതത്രെ. ഈ ദാനധർമ്മം നബി(സ)യുടെയോ മഹാത്മാക്കളുടെയോ പേരിലാവുമ്പോൾ പുണ്യം കൂടുകയല്ലേയുള്ളൂ? നഷ്ടപ്പെടുന്നതെങ്ങനെ? ഇത്രയും കാര്യങ്ങളാണ് ഇന്ന് സർവ്വസാധാരണയായി മൗലിദുകർമ്മങ്ങളിലുള്ളത്. അവ ഓരോന്നും പുണ്യമാണെന്ന് തെളിഞ്ഞിരിക്കെ എല്ലാം കൂടി ഒത്തുചേർന്ന് ഒരു രൂപമാവുമ്പോൾ അതെങ്ങനെ പുണ്യമറ്റതാകും? അനാചാരമാകും? ഈ സമ്മേളിതരൂപം 'നബി(സ) പ്രവർത്തിച്ചില്ല' അല്ലെങ്കിൽ 'സ്വഹാബത്ത് പ്രവർത്തിച്ചില്ല' എന്നു കരുതി ശർഇന്റെ പൊതുവായ നിർദ്ദേശങ്ങളിൽ ഇതുപെടില്ലെന്നെങ്ങനെ പറയും?! നോക്കുക, മുസ്‌ലിംകൾക്ക് സന്തോഷമുളവാക്കുന്ന ഏതൊരു കർമ്മവും അതു പ്രത്യേകം വിലക്കപ്പെട്ടിട്ടില്ലെങ്കിൽ അതൊരു قربة(അല്ലാഹുവിന്റെ സാമീപ്യം നേടുവാനുതകുന്ന പുണ്യകർമ്മം) ആയിരിക്കുമെന്ന് തുഹ്ഫ: 10-81ൽ പ്രസ്താവിച്ചിട്ടുണ്ട്. ഖുർബത് പ്രവർത്തിക്കുവാനാവട്ടെ ഖുർആൻ ആഹ്വാനം ചെയ്തിട്ടുമുണ്ടല്ലോ. وابتغوا اليه الوسيلة എന്ന ഖുർആൻ വാക്യത്തിന് അല്ലാഹുവിന്റെ സാമീപ്യം നേടാനുതകുന്ന 'ഖുർബതുകൾ' പ്രവർത്തിക്കണമെന്നാണ് മുഫസ്സിറുകൾ ഒരു വ്യാഖ്യാനം നല്കിയിട്ടുള്ളത്. അപ്രകാരം തന്നെ معروف، خير എന്നിവ പ്രവർത്തിക്കുവാനും അതിലേക്കു അപരരെ ക്ഷണിക്കുവാനും ഖുർആൻ നിർദ്ദേശിച്ചിട്ടുണ്ട്. ولتكن منكم امة يدعون الى الخير ويأمرون با المعروف الخ എന്നിതുപോലുള്ള ആയത്തുകൾ ശ്രദ്ധേയമാണ്. ഈ ഖുർആൻവാക്യങ്ങളിൽ പറഞ്ഞ معروف، خير എന്നിവയുടെ അർത്ഥം ഖുർആൻവ്യാഖ്യാതാക്കൾ വിവരിച്ചതു കാണുക. المعروف: اسم جامع لكل ماعرف من طاعة الله والاحسان الى الناس جمل ٤-٢٣٣، خازن ١-٢٦٨ (ബഹുജനങ്ങളിലേക്കുള്ള ഔദാര്യങ്ങളും അല്ലാഹുവിനുള്ള طاعةഉം ആയി അറിയപ്പെടുന്ന

ശേഷം: പേജ്46ൽ.....

പേജ് 12ൽ നിന്ന്....

സർവ്വകാര്യങ്ങളും ഉൾക്കൊള്ളുന്ന പദമാണ് معروف. (الخير: الافعال الحسنة الموافقة للشرع) (ശർഇനു വിരുദ്ധമല്ലാത്ത എല്ലാ നല്ല കാര്യങ്ങളും ഖൈറ് തന്നെ. (اكليل ٣-٤٥ التأويل ١-٢٦٨) അന്നദാനം പോലു ള്ള ജനങ്ങളിലേക്കുള്ള ഔദാര്യങ്ങളും ഖുർആൻ പാരായണം, ദുആ, മദ്ഹ് കീർത്തനം, സ്വലാത്ത്, സലാം ആദിയായ ذكر കളായി അറിയപ്പെടുന്ന കാര്യ ങ്ങളും മാത്രമാണല്ലോ ഇന്നത്തെ മൗലിദു കർമ്മ ത്തിലുള്ളത്. അതുകൊണ്ട് ഇതെല്ലാം ഖുർആൻ നിർദ്ദേശിച്ച معروف ൽപെട്ടതും ശർഇനോടനുയോജ്യ മായ നല്ല പ്രവർത്തികളിൽ പെട്ടതുമാണെന്ന് സുവ്യ ക്തം. തദടിസ്ഥാനത്തിൽ ഇതു പുണ്യകർമ്മവും ശർഉ പ്രോത്സാഹിപ്പിച്ചതുമാണ്. ഈ നൽപ്രവർത്ത നത്തിലേക്കു സഹായകമായ മറ്റൊരു സൽപ്ര വർത്തനമാണ് മൗലിദു ഗ്രന്ഥരചന. അതു കൊണ്ടത്രെ പ്രഗത്ഭരായ പല ഇമാമുകളും മഹാ ത്മാക്കളുടെ മൗലിദുകൾ രചിച്ചിരുന്നത്.

(1989 ൽ എഴുതിയ ഒരു കുറിപ്പിന്റെ പുനഃപ്രകാ ശനമാണിത്)

☆